കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി നാളിതുവരെ 10,98,77,132 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. ഈയിനത്തിൽ നാളിതുവരെ 5538.48 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന ലിസ്റ്റ് പ്രകാരവും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് മാത്രമായി എല്ലാ മാസവും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസുകളെ ബന്ധിപ്പിക്കുന്ന പദ്ധതി

291 (291) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസുകളെ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇത് എന്നത്തേയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) റേഷൻ കടകളിൽ ഇലക്ട്രോണിക് വെയിംഗ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് തവണ ഇ-ടെണ്ടർ ചെയ്തപ്പോഴും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ള അതേ കമ്പനിതന്നെയാണ് വെയിംഗ് മെഷീൻ പ്രീ ക്വാളിഫിക്കേഷൻ ഇവാല്യൂവേഷനിലും വിജയിച്ചത്. 'vendor lock' എന്ന സാഹചര്യമാണ് നിലവിൽ വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ഇലക്ട്രോണിക് വെയിംഗ് മെഷീൻ ഇ-പോസുമായി ബന്ധിപ്പിക്കുന്ന പദ്ധതി വിശദമായി പരിശോധിച്ചുമാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

റേഷൻ ഡീലർമാർക്കുള്ള മാർജിൻ

292 (292) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തെ ഭക്ഷ്യ കിറ്റ് വിതരണത്തിലും റേഷൻ വിതരണ ഇനത്തിലും റേഷൻ ഡീലർമാർക്കുള്ള മാർജിൻ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly